മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോര്, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala2023@gmail.com

നം: NREGA/949/2024-A1 തീയതി : 25-11-2024

**സർക്കുലർ**

വിഷയം : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)- ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത്, ജില്ല മിഷന് തലങ്ങളിലെ ജീവനക്കാരുടെ വിവരങ്ങള് - അവധിയിൽ പ്രവേശിക്കുന്ന കരാർ ജീവനക്കാരുടെ ചാർജ്ജ് കൈമാറ്റം - സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച നിർദ്ദേശങ്ങൾ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിലും ജില്ല മിഷനിലും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്ന സാഹചര്യത്തില് ടി ജീവനക്കാരുടെ ചുമതല രേഖാമൂലം കൈമാറേണ്ടതാണ്. ആയത് സംബന്ധിച്ച് ചുവടെപ്പറയുന്ന മാര്ഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്നറിയിക്കുന്നു.

1. ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ചുമതല കൈമാറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടത്തേണ്ടതും, ടി വിവരങ്ങൾ ബന്ധപ്പെട്ട ബ്ലോക്ക് പ്രോഗ്രാം ഓഫീസറിനെ അറിയിക്കേണ്ടതുമാണ്.

2. ഗ്രാമ പഞ്ചായത്ത് തലത്തിലെ ജീവനക്കാരുടെ ചുമതല കൈമാറ്റം നടത്താനാകാത്ത സാഹചര്യങ്ങളിൽ/ദിവസ വേതനത്തില് ആളെ നിയമിക്കാന് കഴിയാത്ത സാഹചര്യത്തില് ടി വിവരം, ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബന്ധപ്പെട്ട ബ്ലോക്ക് പ്രോഗ്രാം ഓഫീസറിനെ അറിയിക്കേണ്ടതും ബ്ലോക്ക് പ്രോഗ്രാം ഓഫീസര് ചുമതല ബ്ലോക്ക് തലത്തിലെ ജീവനക്കാര്ക്കോ, ബ്ലോക്ക് പരിധിയില് ഉള്ള മറ്റു ഗ്രാമ പഞ്ചായത്തിലെ ജീവനക്കാര്ക്കോ കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്ത് തലത്തിലെ ചുമതല കൈമാറ്റത്തിന്റെ വിവരങ്ങൾ ബന്ധപ്പെട്ട ജോയിന്റ് പ്രോഗ്രാം കോര്ഡിനേറ്ററിനെ അറിയിക്കേണ്ടതാണ്.

3. ബ്ലോക്ക് പഞ്ചായത്ത് തലത്തിലെ ജീവനക്കാരുടെ ചുമതല കൈമാറ്റം നടത്താനാകാത്ത സാഹചര്യങ്ങളിൽ/ദിവസ വേതനത്തില് ആളെ നിയമിക്കാന് കഴിയാത്ത സാഹചര്യത്തില് ടി വിവരം, ബ്ലോക്ക് പ്രോഗ്രാം ഓഫീസര് ബന്ധപ്പെട്ട ജോയിന്റ് പ്രോഗ്രാം കോര്ഡിനേറ്ററിനെ അറിയിക്കേണ്ടതും ജോയിന്റ് പ്രോഗ്രാം കോര്ഡിനേറ്റര് ചുമതല കൈമാറുന്നതിത്തിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

4. ജില്ലാ മിഷന് തലത്തിലെ ജീവനക്കാരുടെ ചുമതല കൈമാറ്റം ജോയിന്റ് പ്രോഗ്രാം കോര്ഡിനേറ്റര് നടത്തേണ്ടതും, ടി വിവരങ്ങള് സംസ്ഥാന മിഷനെ അറിയിക്കേണ്ടതുമാണ്.

5. ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിലെയും ജില്ലാ മിഷന് തലത്തിലെയും ജീവനക്കാരുടെ **incumbency details** ജില്ലാ മിഷന് തലത്തില് സംഗ്രഹിച്ച് സൂക്ഷിയ്ക്കേണ്ടതാണ്.

Signed by
Nizamudeen A Ias
Date: 25-11-2024 21:54:11

**MISSION DIRECTOR**

പകർപ്പ്:

1. എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും.

2. എല്ലാ ബ്ലോക്ക് പ്രോഗ്രാം ഓഫീസര്മാര്ക്കും (ജെ.പി.സി. മുഖേന)

3.എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (ബി.പി.ഒ.മുഖേന)